പോലീസുദ്യോഗസ്ഥന്മാക്ക് ബഹുമതികൾ.

*135. [18] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഫെബ്രുവരിക്കുശേഷം സംസ്ഥാനത്തെ ഏതു പോലീസുദ്യോഗസ്ഥന്മാക്ക് ബഹുമതി നൽകിയിട്ടുണ്ട് ;

(ബി) ഓരോ ബഹുമതിക്കും ആധാരമായ പ്രശംസാർഹമായ പ്രവർത്തനമെന്ത് ;

(സി) പ്രശംസാർഹമായ പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ആ പ്രവർത്തനം നടന്ന പ്രദേശത്തെ സാധാരണക്കാരായ പൊതുജനങ്ങളുടെ അഭിപ്രായംകൂടി ആരായാറുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഈ ചോദ്യത്തിനു നേരത്തെ ഉത്തരം പറഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. പ്രകാശം : (സി) യുടെ ഉത്തരം കിട്ടണം?

ശ്രീ. എ. ജെ. ജോൺ : (സി) ഇല്ല.

ശ്രീ. ആർ. പ്രകാശം : പോലീസ് ഉദ്യോഗസ്ഥന്മാക്ക് ബഹുമതി കൊടുക്കുന്ന സന്ദർഭത്തിൽ ലാത്തിചാർജ് ഏറ്റിട്ടുള്ളവരും വെടിയേറ്റിട്ടുള്ളവരുമായ പൊതുജനങ്ങളുടെ അഭിപ്രായംകൂടി അറിയേണ്ടതല്ലേ ?

ശ്രീ. എ. ജെ. ജോൺ : പൊതുജനങ്ങളുടെ അഭിപ്രായം അറിയുന്നില്ല.

ശ്രീ. പോപ്പിൽ ഭാസ്കരൻപിള്ള : രണ്ടു ദിവസത്തിനു മുമ്പ് നമ്മുടെ അസംബ്ലി ഹാളിന്റെ മുമ്പിൽ ലാത്തിചാർജ് നടത്തിയവർക്ക് ബഹുമതികൾ കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

ഔദ്യോഗിക ഭാഷ.

*136. [19] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

മലയാളം നമ്മുടെ സംസ്ഥാനത്തെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കാൻ സർക്കാർ നടപടി നടത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): മലയാളം ഔദ്യോഗിക ഭാഷയാക്കുന്ന കാര്യം ആലോചനക്കെടുത്തിട്ടില്ല.

ശ്രീ. യു. നീലകണ്ഠൻ : മലയാളം ഔദ്യോഗിക ഭാഷയായി സ്വീകരിക്കേണ്ടതു തീരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ ജനങ്ങളുടെ ഒരു ആഗ്രഹമായി കരുതുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ആലോചിക്കാം.

ശ്രീ. യു. നീലകണ്ഠൻ : എപ്പോൾ ആലോചിക്കും ?

LIBRARY ARCHIVES Kerala Legislative Assembly